**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** **30-06-2022 - ൽ മറുപടിയ്ക്ക്**

**വനസമ്പത്ത് നിലനിർത്താൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്ത് വന വിസ്തീർണം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2009-10 മുതൽ 2019-20 വരെയുള്ള ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വന വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടില്ല. |
| (ബി) | വനസമ്പത്ത് നിലനിർത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ജൈവ വൈവിധ്യങ്ങളുടെ കലവറയായ വനമേഖലകൾ സംരക്ഷിക്കുന്നതിനായി അഗ്നി പ്രതിരോധ പ്രവൃത്തികൾ, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, വന്യജിവി സംരക്ഷണം, ഗവേഷണങ്ങൾ, പരിസ്ഥിതി പുനസ്ഥാന പ്രവർത്തികൾ, പങ്കാളിത്ത വന പരിപാലന പ്രവർത്തികൾ, വനം കുറ്റകൃത്യങ്ങൾ തടയാൻ പട്രോളിംഗ്, ഫോറസ്റ്റ് സ്റ്റേഷൻ കൂടുതലായി തുറക്കുക, സംരക്ഷണ വിഭാഗം ജീവനക്കാരുടെ പ്രത്യേകിച്ച് ആദിവാസി വിഭാഗക്കാരുടെ എണ്ണം വർദ്ധിപ്പിച്ചും വനസംരക്ഷണം കാര്യക്ഷമമാക്കൽ, വനാതിർത്തി നിർണ്ണയ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വന സമ്പത്ത് സംരക്ഷിച്ചുവരുന്നു. |
| (സി) | വനങ്ങളിലെ അമൂല്യങ്ങളായ ഔഷധ സസ്യങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങളുടെ വരുമാന വർദ്ധനവും, ജീവിത നിലവാര ഉയർച്ചയും ലക്ഷ്യമിട്ട് 1988 ലെ വനനയത്തിൻറെ ഭാഗമായി 1992 മുതൽ സംസ്ഥാനത്ത് പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഇത്തരത്തിൽ സംസ്ഥാനത്ത് ലഭ്യമായതും, ആവശ്യമുള്ളതുമായ വിവിധ ഇനം ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ദേശീയ-സംസ്ഥാന ഔഷധ സസ്യ ബോർഡുകളുടെ ധനസഹായം ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ വന സംരക്ഷണ സമിതികളും, ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികളും വഴി സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായും, ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി വഴിയും ഈറ്റയും, മുളയും, മറ്റ് ഔഷധ സസ്യങ്ങളും വച്ചു പിടിപ്പിക്കുന്നതിനുള്ള പരിപാടികൾ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ തൻ വർഷവും തുടർന്നു വരുന്നുണ്ട്. മേൽ പദ്ധതികളുടെ നടത്തിപ്പിലൂടെ വനാശ്രിതരായ വന സംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റി അംഗങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉറപ്പു വരുത്തുന്നതിനും വരുമാനം ലഭ്യമാക്കുന്നതിനും അതുവഴി അവരുടെ ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമാകുന്നുണ്ട്. |
| (ഡി) | കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നത് തടയാൻ വനങ്ങളിൽ ഫലവൃക്ഷങ്ങൾ കൂടി നട്ടുപിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വന്യമൃഗങ്ങൾ നാട്ടിൽ ഇറങ്ങുന്നത് തടയുന്നതിന് വേണ്ടി വനത്തിനുള്ളിൽ തന്നെ ഭക്ഷണവും ജലവും സംപുഷ്ടമായ ആവാസ വ്യവസ്ഥയും ഉറപ്പാക്കുന്ന നടപടികൾക്കൊപ്പം അനുയോജ്യമായ ഫലവൃക്ഷങ്ങളും മറ്റും നട്ടുപിടിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ